(ബി) ഒരു എക്സ്റേ മെഷീൻ കണ്ടനേഷന് നടപടി തുടങ്ങി. ബാക്കിയുള്ളവ നന്നാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പരിപാടികൾ

137 (3091) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എന്തെല്ലാം പുതിയ വികസന പരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാർ നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയ വിവിധ തസ്തികകളിലായി എത്രപേർ ജോലി ചെയ്യുന്നു ; നിലവിലുള്ള ഒഴിവുകൾ എത്ര ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഡിപ്പാർട്ടുമെന്റുകളാണ് നിലവിൽ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായിട്ടുള്ളത് ;

(ഡി) പ്രസ്തുത ആശുപത്രിയിൽ പ്രതിവർഷം എത്രപേർ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി എത്തുന്നുണ്ട് ;

(ഇ) 2001-02 വർഷത്തിൽ ഇവിടെ ചികിത്സയ്ക്കായി എത്തിയവരുടെ മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യപ്പെട്ടവർ എത്രയെന്ന് പറയാമോ ;

(എഫ്) മെഡിക്കൽ കോളേജ് വികസനത്തിനുവേണ്ടി പരിസരത്തുള്ള ഭൂമി ഉടനെ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുനിന്ന് 2001-03 കാലയളവിൽ എത്രപേർ ഇൻപേഷ്യന്റായി ചികിത്സയ്ക്കായി എത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(എച്ച്) ആശുപത്രി വികസനത്തിന് ആവശ്യം വേണ്ടതു കഴിച്ചുള്ള ഭൂമി പരിസരവാസികൾക്ക് മടക്കി നൽകാൻ നിർദ്ദേശിക്കുമോ ;

(ഐ) കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതുമായ ഉപകരണങ്ങൾ മാറ്റി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി വിപുലമായ സജ്ജീകരണങ്ങളോടുകൂടി പുതിയ സ്ഥലത്തേയ്ക്ക് മാറ്റിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചു. ഇതിനോടനുബന്ധിച്ചുള്ള എമർജൻസി ഓപ്പറേഷൻ തീയേറ്റർ അടുത്ത ആഴ്ച പ്രവർത്തനം ആരംഭിക്കും. മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് കെ.റ്റി.ഡി.എഫ്.സി.യുടെ സഹായത്തോടുകൂടി നവീകരിക്കും. ഭാഗികമായ പ്രവർത്തനം തുടങ്ങികഴിഞ്ഞു. ഇതിന് 50 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ ബഹുനില കെട്ടിടം പണി അവസാന ഘട്ടത്തിലാണ്. കൂടാതെ നെഫ്റോളജി യൂണിറ്റിന്റെ ഡയാലിസ്ഡ്

LIBRARY ARCHIVES Kerala Legislative Assembly

മെഷീൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 24, 25 വാർഡുകൾ പുതുതായി തുറന്ന് പ്രവർത്തിച്ചതുമൂലം കൂടുതൽ രോഗികൾക്ക് നല്ല രീതിയിൽ ചികിത്സ നൽകിവരുന്നു. ന്യൂറോ മെഡിക്കൽ ഐ.സി. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. 1.50 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എസ്.എ.ടി. ആശുപത്രി വികസന സമിതി, എസ്.എ.റ്റി.എച്ച്.ഇ.എസ്. എന്നിവയുടെ സഹായത്തോടെ ആശുപത്രി ശുചീകരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി. പുതുതായി ജനറേറ്റർ സ്ഥാപിച്ചു. രോഗികളുടെ കൂട്ടിരിപ്പുകാർക്കുവേണ്ടി വിശ്രമ സങ്കേതവും കംഫർട്ട് സ്റ്റേഷനും സ്ഥാപിച്ചു. അമ്മമാർക്ക് വേണ്ടി തീവ്ര പരിചരണവിഭാഗം ആരംഭിച്ചു. പുതുതായി മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിച്ചു. എസ്.എ.റ്റി. എച്ച്.ഇ.എസിന്റെ വക ന്യായവില മരുന്നുകടകൾ തുടങ്ങി. നല്ലവണ്ണം പ്രവർത്തിച്ചുവരുന്നു.

(ബി) നിലവിലുള്ള തസ്തിക ഒഴിവുകൾ

ഡോക്ടർമാർ	656	63
നഴ്സുമാർ	1063	312
ഫാർമസിസ്റ്റുകൾ	34	2

(സി) ചികിത്സക്കും വിദ്യാഭ്യാസത്തിനുമായി നാൽപതോളം ഡിപ്പാർട്ടുമെന്റുകൾ നിലവിലുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി, കണ്ണാശുപത്രി എന്നിവിടങ്ങളിലായി 2002-ൽ ഒ.പി. വിഭാഗത്തിൽ 481216 പേരും ഐ.പി. വിഭാഗത്തിൽ 2,82,266 പേരും ചികിത്സയ്ക്കായി എത്തിയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഒരു റഫറൽ ആശുപത്രിയാണ്. പ്രതിവർഷം ശരാശരി ഒ.പി. വിഭാഗത്തിൽ രണ്ട് ലക്ഷം പേരും ഐ.പി. വിഭാഗത്തിൽ ഒരു ലക്ഷം പേരും റഫർ ചെയ്ത് ചികിത്സയ്ക്കായി എത്തുന്നുണ്ട്.

(എഫ്) ഉണ്ട്. ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുണ്ട്.

(ജി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(എച്ച്) ആവശ്യം വേണ്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു കൊണ്ടിരിക്കുന്നതേയുള്ളൂ. ആവശ്യത്തിലധികം ഭൂമി ഏറ്റെടുക്കുന്നതല്ല.

(ഐ) കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ ഉപകരണങ്ങൾ മാറ്റി ആധുനികവും അത്യാധുനികവും ആയ ഉപകരണങ്ങൾ സാമ്പത്തിക പരിമിതിക്ക് അകത്തു നിന്നുകൊണ്ട് തന്നെ വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly